"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - MLA-ADS - 2016-17- കണ്ണൂർ ജില്ല - കണ്ണൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന അഞ്ച് സ്ഥലങ്ങളിൽ ഹൈടെക്ക് ബസ്സ് ഷെൽട്ടറുകൾ സ്ഥാപിച്ച പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.479/2026/LSGD    തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1) 10.05.2017 ലെ സ.ഉ.(സാധാ) നം.1514/2017/ത.സ്വ.വ.
2) 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന.
3) 09.09.2021 ലെ സ.ഉ.(അച്ചടി) നം.124/2021/ധന.
4) സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിൻ്റെ 06.08.2025-ലെ ASBU/4.02(43) 2025-26-നമ്പർ കത്ത്.
5) 25.09.2025-ലെ സ.ഉ.(സാധാ.) നം.7814/2025/ധന.
6) തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 28.10.2025-ലെ LSGD/JD/KNR/4997/2025-F3-നമ്പർ കത്ത്

ഉത്തരവ്

2016-17-വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷനിലെ പീതാംബര പാർക്ക് - ഫോർട്ട് റോഡ് കാനത്തൂർ ഡിവിഷൻ, കണ്ണൂർ ജില്ലാ കോടതി കോംപ്ലക്സിന് എതിർവശത്ത്, മുണ്ടയാട് സ്റ്റേഡിയം, ഏച്ചൂർ ബസ് സ്റ്റോപ്പ്, ചൊവ്വ ജംങ്ഷൻ എന്നീ 5 സ്ഥലങ്ങളിൽ ഹൈ-ടെക് ബസ് ഷെൽട്ടറുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) മുഖേന സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എന്നാൽ ചില സാങ്കേതിക കാരണങ്ങളാലും ചില പ്രായോഗിക ബുദ്ധിമുട്ടുകളും പൊതുജനാഭിപ്രായവും കണക്കിലെടുത്ത് നിർദ്ദേശിച്ച സ്ഥലങ്ങളിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റ് തുകയിൽ മാറ്റമില്ലാതെ തന്നെ പാലക്കാട് സ്വാമി മഠം, കടാംകോട് പള്ളിക്ക് സമീപം, ചൊവ്വ ധർമ്മ സമാജം, മാച്ചേരി സ്കൂൾ ബസ് സ്റ്റോപ്പ്, എസ്.എൻ. കോളേജ് തോട്ടട എന്നീ സ്ഥലങ്ങളിൽ ടി ബസ് ഷെൽറ്ററുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ടി നിർമ്മാണത്തിലെ സ്പെസിഫിക്കേഷനിലോ, തുകയിലോ മാറ്റം ഇല്ലാതെ നിർമ്മാണ സ്ഥലം മാത്രമാണ് മാറ്റിയതെന്നും ആയതിനാൽ ടി നിർമ്മാണത്തിന് അനുമതി നൽകിയ ഭരണാനുമതി പുതുക്കി ടി പ്രവൃത്തിക്കുള്ള തുക അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം നിർവ്വഹണ ഏജൻസി ആയ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്.എം.എൽ.എ.യ്ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു.

2) കണ്ണൂർ നിയോജകമണ്ഡലം എം.എൽ.എ അവർകൾ ടി പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കാനുള്ള പ്രത്യേകാനുമതിയും നിർവ്വഹണ തുക ലഭ്യമാക്കുന്നതിനുള്ള അനുമതിയും

ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയായ 24,75,000/-രൂപ (ഇരുപത്തിനാല്പ ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) വിനിയോഗിച്ച് "കണ്ണൂർ ഹൈടെക്ക് ബസ്സ് ഷെൽട്ടറുകൾ സ്ഥാപിച്ച പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന്, പരാമർശം (2) & (3) ഉത്തരവുകളിലെ ബന്ധപെട്ട ഖണ്ഡികകളിൽ ഇളവു വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം (1) പ്രകാരം നിർദ്ദേശിച്ച സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായ 5 സ്ഥലങ്ങളിൽ ഷെൽട്ടറുകൾ സ്ഥാപിക്കേണ്ടി വന്നുവെന്നും നിലവിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (6) പ്രകാരം കണ്ണൂർ, ജോയിന്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുമുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഭരണാനുമതിയിൽ നിർദ്ദേശിച്ച സ്ഥലങ്ങളിൽ ചില സ്ഥലങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ടുകളും പൊതുജനാഭിപ്രായവും കണക്കിലെടുത്ത് മാറ്റങ്ങൾ വരുത്തിയെങ്കിലും സ്പെസിഫിക്കേഷനിലോ, തുകയിലോ മാറ്റം ഇല്ലാതെ പണി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിലും, പരാമർശം (2) & (3) ഉത്തരവുകളിലെ ബന്ധപെട്ട ഖണ്ഡികകളിൽ ഇളവു വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ; 2016-17 സാമ്പത്തിക വർഷത്തെ കണ്ണൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന അഞ്ച് സ്ഥലങ്ങളിൽ ഹൈടെക്ക് ബസ്സ് ഷെൽട്ടറുകൾ സ്ഥാപിച്ച പ്രവൃത്തിക്ക് പരാമർശം -1 സർക്കാർ ഉത്തരവിൻ പ്രകാരം 4515-00-800-96(-project under lac ads ) ശീർഷകത്തിൽ നിന്ന് ചെലവ് വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകിയത് പുതുക്കി ടി പ്രവർത്തികൾക്ക് പകരം ചെയ്തതായ പ്രവർത്തികളുടെ ചെലവ് അനുവദിച്ചുനൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്( പരാമർശം -5 ഉത്തരവ് പ്രകാരം)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/215/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 25-02-2026 14:53:16